(ബി) എറണാകുളം ജില്ലയിൽപ്പെട്ട തിരുർ—പുത്തൻകുളങ്ങര റോഡിലെ എരുർപാലം പുതുക്കിപ്പണിയേണ്ടതിലേക്കുള്ളപ്രാരംഭ നടപടികൾക്കായി ഒരു ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് ഗവണ്മെൻറ് അനുവദിച്ചിട്ടുണ്ട്.

(സി) ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞതിനുശേഷം ഈ കാര്യം പര്യാലോചിക്കുന്നതാണ്.

ക്ഷയരോഗികൾക്കുള്ള സഹായപദ്ധതി

* 218. [4] ശ്രീ. ടി. ഒ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാവപ്പെട്ട ക്ഷയരോഗികൾക്കുള്ള സഹായപദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര പേർക്ക് ഇതിനകം സഹായം നൽകിയിട്ടുണ്ട് ;

(സി) ഓരോ ഡിസ്ട്രിക്റ്റിലും എത്ര വീതം ;

(ഡി) എറണാകുളം ഡിസ്ട്രിക്റ്റിൽ ഇതിനകം എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ;

(ഈ) ഇതിൽ എത്രയെണ്ണം അനുവദിച്ചു ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) ഉണ്ട്.

(ബി, സി) ചില അപേക്ഷകൾ ഇതിനകം അനുവദിച്ചു കഴിഞ്ഞു. തുക നൽകാൻ നടപടികൾ ത്വരിതഗതിയിൽ എടുത്തുവരുന്നു.

(ഡി) 39.

(ഈ) 1.

ക്ഷയരോഗികൾക്കു ധനസഹായം

* 219. [7] ശ്രീ. കെ. ആർ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എത്ര ക്ഷയരോഗികൾക്കു സഹായധനം നൽകി ;

(ബി) എത്ര അപേക്ഷ ഇതിലേക്കു ലഭിച്ചു ;

(സി) ഓരോ ഡിസ്ട്രിക്റ്റിലും എത്ര വീതം ;

(ഡി) ഓരോ ഡിസ്ട്രിക്റ്റിലും എത്ര വീതം അനുവദിച്ചു ;

(ഈ) അപേക്ഷ സാക്ഷ്യപ്പെടുത്താൻ പ്രത്യേക കേന്ദ്രങ്ങളിലെ മെഡിക്കലാഫീസറന്മാരെ മാത്രം ചുമതലപ്പെടുത്തിയിട്ടുള്ളതുകൊണ്ട് രോഗികൾക്കു പലവിധ ബുദ്ധിമുട്ടുകൾക്കും കാരണമാകുന്നുണ്ടെന്ന പരാതി ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ ടി. ബി. സീൽ വാർഡുകളുള്ളിടത്തെ ഡാക്ടർമാർക്ക് ഈ അധികാരം നൽകാൻ നടപടി സ്വീകരിക്കുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) ആകെ നൽകിയിട്ടില്ല. നൽകാനായി ത്വരിതഗതിയിൽ നടപടികൾ എടുത്തുകൊണ്ടിരിക്കുന്നു.

(ബി) 5,735 അപേക്ഷകൾ

(സി)

തിരുവനന്തപുരം	199
കൊല്ലം	350
ആലപ്പുഴ	755
കോട്ടയം	1,179

LIBRARY ARCHIVES Kerala Legislative Assembly

എറണാകുളം	39
തൃശ്ശൂർ	1,429
പാലക്കാട്	102
കോഴിക്കോട്	1,454
കണ്ണൂർ	228
(ഡി) തിരുവനന്തപുരം	77
കൊല്ലം	41
കോട്ടയം	47
എറണാകുളം	1
തൃശ്ശൂർ	23

മറ്റു ജില്ലകളിൽ കിട്ടിയ അപേക്ഷകളും അന്വേഷണത്തിലിരിക്കുന്നു.

(ഇ) ഇല്ല.

(എഫ്) ഉദിക്കുന്നില്ല.

ഇടുക്കിപദ്ധതി.

* 220. [8] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ :

(എ) ഇടുക്കി പദ്ധതിക്കുവേണ്ടി ഇതിനകം എത്ര തുക ചെലവഴിച്ചിട്ടുണ്ട് ;

(ബി) ഈ പദ്ധതി എന്നത്തേക്കു പൂർത്തിയാക്കാനാണ് നിശ്ചയിച്ചിട്ടുള്ളത് ;

(സി) നിശ്ചിത തീയതിക്കകം ഇടുക്കിപദ്ധതി പൂർത്തിയാക്കാൻ കഴിയുമോ ?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. പി. ടി. ചാക്കോ) :

(എ) നവംബർ അവസാനംവരെ 56·96 ലക്ഷം രൂപാ ചെലവായിട്ടുണ്ട്.

(ബി) പരിപാടി അനുസരിച്ച് ഈ പദ്ധതി 1970–71–ൽ ആണ് പൂർത്തിയാക്കേണ്ടത്.

(സി) നിശ്ചിത തീയതിയ്ക്കകം ഈ പദ്ധതിയുടെ ജോലി പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

മരുന്നുവ്യാപാരികൾ

* 221. [9] ശ്രീ. പി. വിശ്വംഭരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ :

(എ) ഡ്രഗ്സ് കൺട്രോൾ ചട്ടമനുസരിച്ച് ലൈസൻസ് എടുത്തിട്ടുള്ള എത്ര മരുന്നു വ്യാപാരികൾ കേരളത്തിലുണ്ട് ;

(ബി) ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ എത്ര ഉദ്യോഗസ്ഥന്മാരുണ്ട് ;

(സി) ഈ സംസ്ഥാനത്തുനിന്നും മരുന്നുകൾ പരിശോധിക്കുവാൻ എവിടെയാണ് അയയ്ക്കുന്നത് ;

(ഡി) മരുന്നുകൾ പരിശോധിക്കുന്നതിനുള്ള ഒരു ലാബറട്ടറി കേരളത്തിൽ സ്ഥാപിക്കുന്നതിനു ഗവണ്മെന്റിനു ഉദ്ദേശമുണ്ടോ ; ഉണ്ടെങ്കിൽ അതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിക്കുകയുണ്ടായി ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) 1,621

(ബി) ഒരു പാർട്ടൈം സ്വീപ്പർ ഉൾപ്പെടെ 44 ഉദ്യോഗസ്ഥന്മാരുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly